**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ -പ്രസിഡന്റ് ,കേരള ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷൻ സർവകലാശാലയിൽ നൽകിയ അപേക്ഷ സംബന്ധിച്ച് :-

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 4991/AC A 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.10.2019

---

പരാമർശം:-1.പ്രസിഡന്റ് ,കേരള ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷൻ 24/06/2019 ൽ സർവകലാശാലയിൽ നൽകിയ അപേക്ഷ

2.2019 ഒക്ടോബർ 5 -)o തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 35/19.08/24260/AcA7/4/2019

**<u>ഉത്തരവ്</u>**

സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷൻ ഭാരവാഹികൾ , അഫിലിയേറ്റഡ് കോളേജുകളിൽ നിലവിലുള്ള സ്വാശ്രയ കോഴ്സുകൾക്ക് പകരം പുതിയ സ്വാശ്രയ കോഴ്സ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ നൽകിയിരിക്കുന്നു. 2019 ഒക്ടോബർ 5 ന് കൂടിയ സിൻഡിക്കേറ്റ് യോഗം ടി വിഷയം പരിഗണിക്കുകയും പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു

"1997 ലെ എം ജി സർവകലാശാല സ്റ്റാറ്റിയൂട്ട് അദ്ധ്യായം 23 പ്രകാരം ഒരു കോഴ്സ് മാറ്റി പുതിയ കോഴ്സ് നൽകാൻ വ്യവസ്ഥ ചെയ്യുന്നില്ല .നിലവിലെ സ്റ്റാറ്റിയൂട്ടറി വ്യവസ്ഥ പ്രകാരം ഒരു കോഴ്സ് നിർത്തലാക്കുവാൻ കോളേജുകൾ 10000 രൂപ അടച്ച അപേക്ഷയിൽ സിന്ഡിക്കേറ്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ് . കൂടാതെ പുതിയ കോഴ്സിന് നിശ്ചിത മാതൃകയിൽ വ്യവസ്ഥകൾ പ്രകാരം അപേക്ഷിക്കുമ്പോൾ 15000 രൂപ അപേക്ഷ പ്രോസസിംഗ് ഫീസ് കൂടാതെ കോഴ്സ് അഫിലിയേഷൻ ഫീസ് (ഓരോ കോഴ്സുകൾക്കും പ്രത്യേകം ) എന്നിവ ആവശ്യമാണ് . ഈ നടപടി ക്രമങ്ങൾക്കു വിധേയമായി അപേക്ഷകൾ സമർപ്പിക്കാൻ നിർദേശിക്കുന്നതിന് തീരുമാനിച്ചു ."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രസിഡന്റ് ,കേരള ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷൻ

Draft #3 of File 24260/AC A7/4/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 18-Oct-2019 04:42 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. വി.സി./പി.വി.സി .യുടെ പി.എസ്. മാർ

3. രജിസ്ട്രാറുടെ പി.എ.

4. എഫ്.ഒ. യുടെ പി.എ.

5. സി.ഇ. യുടെ പി.എ.

6. ജെ.ആർ.II (ഭരണ വിഭാഗം)

7. ഡി.ആർ.I (അക്കാദമിക്)

8. എ.ആർ. I (അക്കാദമിക്)

9. എ.സി.സി.1

10. റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 24260/AC A7/4/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 18-Oct-2019 04:42 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം